150
മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. എസ് 1/26821/21/MCM

തീയതി: 08.09.2021

**<u>സർക്കുലർ</u>**

വിഷയം:- വിദ്യാഭ്യാസം- സാങ്കേതികം- മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ്- 2021-22 വർഷത്തെ അപേക്ഷ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. കേന്ദ്രന്യൂനപക്ഷകാര്യ മന്ത്രാലയത്തിൽ നിന്നുള്ള 25.08.2021- ലെ SS-15/4/2021-Scholarship-MoMA നംബർ കത്ത്.

കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം ടെക്നിക്കൽ/പ്രൊഫെഷനൽ യു.ജി/പിജി കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിവരുന്ന എം.സി.എം. സ്കോളർഷിപ്പിന് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി **18.08.2021** മുതൽ **30.11.2021** വരെ ഓൺലൈൻ ആയി അപേക്ഷിക്കാവുന്നതാണ്.യോഗ്യരായ ഫ്രെഷ്/റിന്യൂവൽ വിദ്യാർഥികൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.ഓൺലൈൻ ആയി സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ 15.12.2021 തീയതിക്കുള്ളിൽ സ്ഥാപനതലപരിശോധന പൂർത്തീകരിച്ച് സംസ്ഥാന നോഡൽ ഓഫീസിലേക്ക് അയക്കേണ്ടതാണ്.

നിലവിൽ നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ ലോഗ് ഇൻ ക്രെഡെൻഷ്യൽസ് ഉള്ള സ്ഥാപനങ്ങൾ പ്പോർട്ടലിൽ പ്രവേശിച്ച് പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യേണ്ടതും ഇതുവരെ പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ/കോളേജുകൾ/യൂണിവേഴ്സിറ്റികൾ AISHE കോഡ് ഉപയോഗിച്ച് അടിയന്തിരമായി പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്.കൂടുതൽ വിവരങ്ങൾക്കായി 0471-2561214,9497723630 എന്നീ നമ്പറുകളിൽ ബന്ധപ്പെടേണ്ടതാണ്.

Dr. Byjubai T.P
ഡയറക്ടർ (ഇൻ ചാർജ്)

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File S1/26821/21/MCM Approved by Director (in-charge) on 08-Sep-2021 02:06 PM - Page 1

| | |
|---|---|
| सत्यमेव जयते<br>Goverment Of India | ഭാരത സർക്കാർ<br>കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം |

## ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള എം.സി.എം സ്കോളർഷിപ്പ് (2021-22)

## അറിയിപ്പ്

ഭാരത സർക്കാരിന്റെ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള ആറ് ന്യൂനപക്ഷ സമുദായങ്ങളിൽപ്പെടുന്ന പ്രൊഫഷണൽ, സാങ്കേതിക കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് (2021-22) അദ്ധ്യായന വർഷത്തേയ്ക്ക് മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് നൽകുന്നു. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയം നൽകുന്ന പ്രസ്തുത സ്കോളർഷിപ്പിന് ഭാരത സർക്കാരിന്റെ ന്യൂനപക്ഷ വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈനായി 2021 ആഗസ്റ്റ് 18 മുതൽ സമർപ്പിക്കാവുന്നതാണ്.

| സമയപരിധി | |
|---|---|
| പുതുതായി സ്കോളർഷിപ്പിന് (ഫ്രഷ്) ഓൺലൈനായി അപേക്ഷിക്കുന്നതിനും കഴിഞ്ഞ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചവർക്ക് പുതുക്കി (റിന്യൂവൽ) അപേക്ഷിക്കുന്നതിനുമുള്ള അവസാന തീയതി | 2021 നവംബർ 30 |

### യോഗ്യതകൾ

- അപേക്ഷകർ വിജ്ഞാപന പ്രകാരമുള്ള മുസ്ലിം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാഴ്സി, ജൈന എന്നീ എതെങ്കിലും മത വിഭാഗത്തിൽ പെട്ടവരായിരിക്കണം.
- അപേക്ഷകർ ഇന്ത്യയിൽതന്നെയുള്ള സ്വകാര്യ/സർക്കാർ/കേന്ദ്ര സർക്കാർ യൂണിവേഴ്സിറ്റികളിലോ/സ്ഥാപനങ്ങളിലോ/കോളേജുകളിലോ പഠിക്കുന്നവർ ആയിരിക്കണം.
- അപേക്ഷകർ പഠിക്കുന്ന കോഴ്സിന് ചുരുങ്ങിയത് ഒരു വർഷം അദ്ധ്യയന കാലയളവ് ഉണ്ടായിരിക്കണം.
- അപേക്ഷകർക്ക് മുൻ വാർഷിക ബോർഡ്/ക്ലാസ്സ് പരീക്ഷയിൽ 50% മാർക്ക് ഉണ്ടായിരിക്കണം.

### <u>അപേക്ഷകർക്കുള്ള നിർദേശങ്ങൾ</u>

- അപേക്ഷകർ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ (www.scholarships.gov.in) വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. www.minorityaffairs.gov.in എന്ന വെബ്സൈറ്റിലും ഈ ലിങ്ക് ലഭ്യമാണ്.
- അപേക്ഷിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളും Frequently Asked

Questions(FAQs) ഉം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ ഹോം പേജിൽ ലഭ്യമാണ്.

- സ്കോളർഷിപ്പ് തുക തടസ്സമില്ലാതെ ലഭിക്കുന്നതിനായി പുതിയ അപേക്ഷകർ സ്വന്തം പേരിലുള്ള സജീവമായ സേവിങ്സ് ബാങ്ക് അക്കൌണ്ട് തന്നെ അപേക്ഷ സമയത്ത് നൽകേണ്ടതാണ്. സിറോ ബാലൻസ്, ജന്ധൻ, സ്റ്റുഡന്റ്സ് അക്കൌണ്ട് പോലെയുള്ള ബേസിക് സേവിങ് അക്കൌണ്ടുകൾ ഒഴിവാക്കേണ്ടതാണ്.

<u>യൂണിവേഴ്സിറ്റി/സ്ഥാപനങ്ങൾ/കോളേജുകൾക്കുള്ള നിർദേശങ്ങൾ</u>

- ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന എല്ലാ യൂണിവേഴ്സിറ്റികളും/സ്ഥാപനങ്ങളും/കോളേജുകളും 2021 സെപ്റ്റംബർ 15-ന് മുൻപായി നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്കായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ വെബ്സൈറ്റായ www.minorityaffairs.gov.in സന്ദർശിക്കാവുന്നതാണ്. (ഹെൽപ്പ്ലൈൻ നമ്പർ (ടോൾ ഫ്രീ) 1800-11-2001). വിളിക്കേണ്ട സമയം: 9 AM to 5 PM തിങ്കൾ മുതൽ വെള്ളി വരെ അവധി ദിവസങ്ങൾ ഒഴിച്ച്.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്റ്റേറ്റ് നോഡൽ ഓഫീസർ, എം.സി.എം, കേരളം